## ഒഴിവാക്കപ്പെട്ട തൊഴിലാളികളെ ഇ.പി.എഫ്. പരിധിയിലാക്കി വിഹിതം നിർണ്ണയിച്ചത് അന്യായം

### ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

E.P.F.A. No. 48/2017 Dt. 7.2.2020

ബജാജ് ഫുഡ് ഇൻഡസ്ട്രീസ്
x
റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

ഇ.പി.എഫ്. നിയമം ബാധകമായ വ്യവസായ സ്ഥാപനമാണ് മേനേജ്മെന്റ് നടത്തുന്നത്. അവിടെ ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരുന്നവരും വരാത്തവരുമായ നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ട തൊഴിലാളികളുടെ പേരിൽ സ്ഥാപനം ഇ.പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ട്. അപ്രകാരമിരിക്കെ എൻഫോഴ്സ്മെന്റ് ഓഫീസർ സ്ഥാപനത്തിൽ പരിശോധന നടത്തി. കുറെ തൊഴിലാളികളുടെ പേരിൽ തൊഴിലുടമ വിഹിതമടയ്ക്കുന്നില്ലെന്ന് കാണിച്ച് ആ ഉദ്യോഗസ്ഥൻ ഇ.പി.എഫ്. കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്താൻ ഇ.പി.എഫ്. കമ്മീഷണർ തീരുമാനിച്ചു. ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരാത്ത തൊഴിലാളികളുടെ പേരുവിവരം സമർപ്പിക്കാൻ കമ്മീഷണർ ആവശ്യപ്പെട്ടെങ്കിലും മേനേജ്മെന്റ് അത് ചെയ്തില്ല. ഇതിൽ കുപിതനായ കമ്മീഷണർ മേനേജ്മെന്റിന് ദോഷകരമായ ഉത്തരവ് പുറപ്പെടുവിച്ചു. മൂന്ന് ലക്ഷത്തിലധികം രൂപ വിഹിതമായി അടയ്ക്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ പേരിലുള്ള വിഹിതമടയ്ക്കാനാണ് കമ്മീഷണർ നിർദ്ദേശിച്ചതെന്ന് മനസ്സിലാക്കിയ മേനേജ്മെന്റ് ഇ.പി.എഫ്. കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്തു. ഇത് പരിഗണിക്കാൻ കമ്മീഷണർ തയ്യാറായില്ല. തുടർന്ന് ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ഇ.പി.എഫ്. നിയമം ബാധകമായ എല്ലാ തൊഴിലാളികളുടെ പേരിലും കൃത്യമായി വിഹിതമടച്ചുവരുന്നുണ്ടെന്നും പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ പേരിൽ വിഹിതമടയ്ക്കണമെന്ന് ഇ.പി.എഫ്. കമ്മീഷണർ നിർദ്ദേശിച്ചത് തെറ്റും അന്യായവും നിയമവിരുദ്ധവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. പല തവണ ആവശ്യപ്പെട്ടിട്ടും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ പേരുവിവരം നല്കാത്തതിനാലാണ് മേൽപറഞ്ഞ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് ഇ.പി.എഫ്. കമ്മീഷണർ ബോധിപ്പിച്ചു. എന്തു കാരണം കൊണ്ടായാലും ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ പേരിൽ വിഹിതമടയ്ക്കണമെന്ന് നിർദ്ദേശിച്ചത് അന്യായമാണെന്ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിലയിരുത്തി. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മേനേജ്മെന്റ് നല്കിയ അപേക്ഷ പുനഃപരിശോധനാ ഹർജിയായി പരിഗണിച്ച് നിയമാനുസൃതം പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ട്രൈബ്യൂണൽ ഇ.പി.എഫ്. കമ്മീഷണറോട് നിർദ്ദേശിച്ചു.